പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5637 2.11.2016 -ൽ മറുപടിയ്ക്ക്

## ജലോത്സവത്തിനുള്ള ധനസഹായം

| ചോദ്യം<br><br>ശ്രീ.മുരളി പെരുനെല്ലി : | | മറുപടി<br><br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | കണ്ടശ്ശാം കടവ് ജലോത്സവത്തിന് ടൂറിസം വകുപ്പിൽ നിന്നും ധനസഹായത്തിനുള്ള അടിയന്തര റിപ്പോർട്ടിനായി 22.8.2016-ലെ 189/ബി2/16/ ടൂറിസം നമ്പരായി ടൂറിസം ഡയറക്ടർക്ക് നൽകിയ കത്തിന്മേൽ ഡയറക്ടർ സ്വീകരിച്ച നടപടി വിശദമാക്കുമോ; | എ) | മുൻ വർഷം നടത്തപ്പെട്ട കണ്ടശ്ശാം കടവ് ജലോത്സവത്തിന്റെ ധനവിനിയോഗത്തിനെ സംബന്ധിച്ച് വിശദാംശം തുടർനടപടിക്കായി ആവശ്യപ്പെട്ടിട്ടുള്ളതായി ടൂറിസം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടറേറ്റിൽ ഫയൽ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ നൽകുമോ; | ബി) | ഉണ്ട്. ഫയൽ നമ്പർ എം 2-12022/2016 |
| സി) | ഇക്കാര്യത്തിന്മേൽ ആവശ്യപ്പെട്ട റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | സി) | ഇല്ല. കണ്ടശ്ശാം കടവ് ജലോത്സവത്തിന്റെ നടത്തിപ്പിന് മുൻ വർഷം അനുവദിച്ച ധന സഹായത്തിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ഈ വർഷം അനുവദിക്കാവുന്ന തുക സംബന്ധിച്ച നിർദ്ദേശം ടൂറിസം ഡയറക്ടർ ലഭ്യമാക്കുന്നതാണ്. ആയത് പരിശോധിച്ച് സർക്കാർ ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |
| ഡി) | പ്രസ്തുത ഫയൽ അടിയന്തരമായി പരിഗണിക്കാൻ നിർദ്ദേശം നൽകുമോ? | ഡി) | നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ